പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 192

04.06.2018 ൽ
മറുപടിയ്ക്ക്

## റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത് എന്നാണെന്ന് അറിയിക്കുമോ; ഇതിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ ;<br>(ബി) നിർമ്മാണം പൂർത്തിയാക്കിയിട്ടും കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് കെട്ടിടം ഉപയോഗിക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ;<br>(സി) പുതിയ കെട്ടിടം ഉപയോഗയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതിയ കെട്ടിടം എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കാനാകും എന്ന് അറിയിക്കാമോ ? | (എ) യും (ബി) യും (സി) യും കെട്ടിടത്തിന്റെ പണി 18.01.2016-ൽ പൂർത്തിയാക്കിയിട്ടുണ്ട്. റാന്നി പോലീസ് സ്റ്റേഷൻ വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന് 71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.കെട്ടിടത്തിൽ സർക്കിൾ ഓഫീസ്, വിസിറ്റേഴ്സ് റൂം കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ. ബി ടൈപ്പ് ഡോർമിറ്ററി, വുമൺസ് റസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദ്ഘാടനം നിർവഹിച്ചു കഴിഞ്ഞിട്ടുള്ള കെട്ടിടം റാന്നി പോലീസ് സ്റ്റേഷന്റെ അനക്സ് ആയി പ്രവർത്തിച്ചു വരുന്നു. കൂടാതെ ക്രൈം വിംഗായും റെസ്റ്റ് റൂം കം കോൺഫറൻസ് ഹാളായും ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ